# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2677 — 17.06.2019-ൽ മറുപടിയ്ക്ക്.

## പാലുത്പാദനത്തിലെ വർദ്ധനവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പാലുത്പാദനത്തിൽ ദേശീയ തലത്തിൽ ഏറ്റവും കൂടുതൽ വർദ്ധനവ് രേഖപ്പെടുത്തിയ സംസ്ഥാനമെന്ന ബഹുമതിക്ക് 2018-19 ൽ കേരളം അർഹമായിട്ടുണ്ടോ; | (എ) പാലുല്പാദനത്തിൽ ദേശീയതലത്തിൽ ഏറ്റവും കൂടുതൽ വർദ്ധനവ് രേഖപ്പെടുത്തിയ സംസ്ഥാനത്തിനായി 'ഇന്ത്യാ ടുഡേ' ഗ്രൂപ്പ് ഏർപ്പെടുത്തിയ അവാർഡ് 2018-19-ൽ കേരളത്തിന് ലഭിക്കുകയുണ്ടായി. |
| (ബി) കഴിഞ്ഞ രണ്ട് സെൻസസ്സുകളിലും സംസ്ഥാനത്ത് കറവമാടുകളുടെ എണ്ണത്തിൽ വൻ കുറവ് രേഖപ്പെടുത്തിയ സാഹചര്യത്തിൽ പാലുല്പാദനം കൂടുന്നത് എപ്രകാരമാണ് എന്നറിയിക്കുമോ; | (ബി) മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതയിലൂടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളിലൂടെയും ഉയർന്ന ജനിതകമൂല്യവും ഉല്പാദനക്ഷമതയുമുള്ള കൂടുതൽ കറവപ്പശുക്കളെ കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ നിലവിലുള്ള കറവപ്പശുക്കളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കർഷകരെ ഈ രംഗത്ത് നിലനിർത്തുന്നതിനായി വിവിധ കർഷകക്ഷേമ പദ്ധതികൾ നടപ്പിലാക്കിയതിന്റെയും ഭാഗമായിട്ടാണ് സംസ്ഥാനത്തെ പാലുല്പാദനത്തിൽ വർദ്ധനവ് ഉണ്ടാകുന്നത്. കൂടാതെ, കറവപ്പശുക്കളുടെ പ്രതിദിന ശരാശരി പാൽ ഉല്പാദനത്തിൽ രാജ്യത്ത് കേരളം രണ്ടാം സ്ഥാനത്താണ്. |
| (സി) സംസ്ഥാനത്ത് നിർമ്മിക്കുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം കുറവാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഗുണനിലവാരം കൂട്ടുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | (സി) കാലിത്തീറ്റയുടെ ഗുണനിലവാരത്തെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കാലിത്തീറ്റ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ തിരുവനന്തപുരത്ത് എൻ.എ.ബി.എൽ. അക്രഡിറ്റേഷനോടുകൂടിയ ലാബ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, സംസ്ഥാനത്ത് ആദ്യമായി കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഒരു നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ഡി) ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പാലിന്റെ ഗുണമേന്മ ഉറപ്പാക്കുവാൻ ചെക്ക്പോസ്റ്റുകളിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; | (ഡി) ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് നിലവിൽ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നീ അതിർത്തി ചെക്ക് പോസ്റ്റുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, തിരുവനന്തപുരത്ത് എൻ.എ.ബി.എൽ |

| | |
|---|---|
| | അക്രഡിറ്റേഷനോടുകൂടിയ ലാബും പ്രവർത്തിക്കുന്നുണ്ട്. കാസർഗോഡ്, കോട്ടയം എന്നിവിടങ്ങളിലുള്ള റീജിയണൽ ലാബുകളിൽ പാൽ, പാലുല്പന്നങ്ങൾ എന്നിവ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമേ സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനത്തും പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ലാബുകൾ മുഖേന വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. |
| (ഇ) എല്ലാ അതിർത്തി ചെക്ക്പോസ്റ്റുകളിലും (ഇ) പ്രസ്തുത സംവിധാനം ഒരുക്കുമോ എന്നറിയിക്കാമോ? | മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നീ അതിർത്തി ചെക്ക് പോസ്റ്റുകളിലാണ് പാലിന്റെ ഗുണനിലവാര പരിശോധനാ സംവിധാനം നിലവിലുള്ളത്. തിരുവനന്തപുരം പാറശ്ശാലയിൽ പാൽ ഗുണനിലവാരം പരിശോധന ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.<br>കേരളത്തിലെ എല്ലാ അതിർത്തി ചെക്ക് പോസ്റ്റുകളിലും പാൽ പരിശോധന ചെക്ക് പോസ്റ്റ് ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. |

[signature]

**സെക്ഷൻ ഓഫീസർ**